## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.378

19.10.2016 ന് മറുപടിയ്ക്ക്

### മനുഷ്യനും വനജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മ പദ്ധതി

ചോദ്യം

ശ്രീ.റോജി.എം.ജോൺ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.കെ.മുരളീധരൻ

ഉത്തരം

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് മനുഷ്യനും വനജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ കമ്പിവേലി നിർമ്മാണം, ആനപ്രതിരോധ കിടങ്ങുകളുടേയും മതിലുകളുടേയും നിർമ്മാണം, വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനായുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം, പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം, പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം, Early Warning SMS Alert System എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ള പ്രധാന കർമ്മ പദ്ധതികൾ.

(ബി) മനുഷ്യനും വനജീവികളും തമ്മിലുള്ള സംഘർഷത്തിന് സാധ്യതയുള്ള മേഖലകൾ എവിടെയൊക്കെ ആണെന്ന് കണ്ടെത്താൻ എന്തെല്ലാം നടപടികളാണ്

(ബി) മനുഷ്യനും വനജീവികളും തമ്മിലുള്ള സംഘർഷത്തിന് സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിന്, ഇത്തരം പ്രദേശങ്ങൾ

കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

കണ്ടെത്തി Map-ൽ രേഖപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിരമായി ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്ന മേഖലകൾ കേന്ദ്രീകരിച്ച് നിരന്തര പട്രോളിംഗ് നടത്തുകയും പൊതുജനങ്ങളിൽ നിന്നും വിവരശേഖരണം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. വന്യജീവി നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന ക്യാമറാ ട്രാപ്പിലെ ദൃശ്യങ്ങളും ഇതിനായി ഉപയോഗിക്കും.

(സി) ഈ മേഖലകളിൽ സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) ഉത്തരം (എ)യിൽ പറഞ്ഞ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ (KIIFB) ഉൾപ്പെടുത്തി 220 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലി, 11.5 കി. മീറ്റർ ആന പ്രതിരോധ മതിൽ, 26 കി.മീറ്റർ റെയിൽ ഫെൻസിംഗ്, 7.0 കി.മീറ്റർ കല്ല് പതിച്ച കിടങ്ങ്, 26 കി. മീറ്റർ സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുവാനുള്ള പദ്ധതിയും സർക്കാർ പരിശോധിച്ചു വരികയാണ്.

Valsala S.

സെക്ഷൻ ഓഫീസർ